(സി) ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ പരിഗണനയിലുള്ള പ്രത്യേകാനുമതി ഹർജി (സി) 691/2009 എന്ന കേസ്സിൽ സംസ്ഥാന സർക്കാരിനെകൂടി കക്ഷിചേർക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്. പ്രത്യേകാനുമതി ഹർജിയിലെ കോടതിവിധി ലഭിച്ചതിനുശേഷം ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(ഡി) തെരുവ് നായ്ക്കളെ കൊല്ലുന്നത് ബഹുമാനപ്പെട്ട സുപ്രീം കോടതി തടഞ്ഞിട്ടുള്ള സാഹചര്യത്തിൽ ഇവയുടെ പ്രജനനം തടയുന്നതിന് വന്ധ്യംകരണവും പേവിഷബാധയ്ക്ക് കുത്തിവയ്പ് നൽകുന്നതും ഉൾപ്പെടെയുള്ള നടപടികൾ സംസ്ഥാനത്തെ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും സ്വീകരിച്ചുവരുന്നു. കേന്ദ്ര സർക്കാരിന്റെ 2001-ലെ Animal Birth Control (Dogs) Rules പ്രകാരം അനിമൽ വെൽഫയർ ബോർഡ് നടപ്പാക്കുന്ന അനിമൽ ബർത്ത് കൺട്രോൾ/ആന്റീ റാബീസ് പ്രോഗ്രാം ഫലപ്രദമായി നടപ്പിൽ വരുത്തുന്നതിനുള്ള ചെലവിന്റെ 50% അനിമൽ വെൽഫയർ ബോർഡ് ഓഫ് ഇന്ത്യ വഹിക്കുന്നതാണ്. ബോർഡുമായിവേണ്ടുന്ന കരാറിലേർപ്പെട്ട് ധനസഹായം നേടി പ്രോഗ്രാം ഫലപ്രദമായി നടപ്പാക്കാനും ഇക്കാര്യം സമയബന്ധിതമായി നടപ്പിൽവരുത്തുവാനും എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

തെരുവ് നായ്ക്കളെ നിയന്ത്രിക്കാൻ നടപടി

115 (1585) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ നഗരസഭയിലും സമീപ പഞ്ചായത്തുകളിലും ജനങ്ങളുടെ സൈരജീവിതത്തിന് ഭീഷണിയായിത്തീർന്നിട്ടുള്ള തെരുവ് നായ്ക്കളെ നിയന്ത്രിക്കാൻ ഫലപ്രദമായ നടപടി സ്വീകരിക്കുമോ ;

(ബി) കണ്ണൂർ നഗരത്തിൽ 2011 ജനുവരി 11 ചൊവ്വാഴ്ച രാവിലെ നായ്ക്കൂട്ടത്തിന്റെ ക്രൂരമായ ആക്രമണത്തിനിരയായ രണ്ട് പിഞ്ചു കുഞ്ഞുങ്ങൾ ഉൾപ്പെടെയുള്ള ആറുപേർക്ക് ചികിത്സാ ധനസഹായം ഉൾപ്പെടെയുള്ള സാമ്പത്തിക സഹായം അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തെരുവ് നായ്ക്കളെ കൊല്ലുന്നത് ബഹു. സുപ്രീം കോടതി തടഞ്ഞിട്ടുള്ള സാഹചര്യത്തിൽ ഇവയുടെ പ്രജനനം തടയുന്നതിന് വന്ധ്യംകരണവും പേവിഷബാധയ്ക്ക് കുത്തിവയ്പ് നൽകുന്നതും ഉൾപ്പെടെയുള്ള നടപടികൾ സംസ്ഥാനത്തെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും സ്വീകരിച്ചുവരുന്നു. കേന്ദ്ര സർക്കാരിന്റെ 2001-ലെ Animal Birth Control (Dogs) Rules പ്രകാരം അനിമൽ വെൽഫയർ ബോർഡ് നടപ്പാക്കുന്ന അനിമൽ ബർത്ത് കൺട്രോൾ/ആന്റീ റാബീസ് പ്രോഗ്രാം ഫലപ്രദമായി നടപ്പിൽവരുത്തുന്നതിനുള്ള ചെലവിന്റെ 50% അനിമൽ വെൽഫയർ ബോർഡ് ഓഫ് ഇന്ത്യ വഹിക്കുന്നതാണ്. പ്രസ്തുത ബോർഡുമായിവേണ്ടുന്ന കരാറിലേർപ്പെട്ട് ധനസഹായംനേടി പ്രോഗ്രാം ഫലപ്രദമായി നടപ്പാക്കാനും ഇക്കാര്യം സമയബന്ധിതമായി നടപ്പിൽവരുത്തുവാനും കണ്ണൂർ മുനിസിപ്പാലിറ്റി ഉൾപ്പെടെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) നായ്ക്കളുടെ കടിയേൽക്കുന്നവർക്ക് പേവിഷബാധയ്ക്കെതിരെയുള്ള ഐ.ഡി.ആർ.വി./എ.ആർ.വി. മരുന്നുകൾ ആരോഗ്യവകുപ്പ് മുഖേന സൗജന്യമായി സർക്കാർ വിതരണംചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly